(സി) 345.

(ഡി) 2,87,046 രൂപ 50 നയാപൈസയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്; തൊഴിൽനാശം ഉണ്ടായിട്ടില്ല.

(ഇ) ഫയർ എൻജിനുകളും അധികവും പഴക്കം ചെന്നവയാണ്; എന്നാൽ കാര്യക്ഷമത ഇല്ലാത്തവയല്ല.

(എഫ്) ഫയർ സർവ്വീസ് പുനഃസംഘടിപ്പിക്കുന്നതിനു ഗവണ്മെൻറ് ഓർഡർ നൽകിയിട്ടുണ്ട്. അതനുസരിച്ച് സ്റ്റേറിലെ ഫയർ സർവ്വീസിനെ മൂന്നു ഡിവിഷനുകളായി വിഭജിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു ഓരോ ഡിവിഷനിൽ ഓരോ ഡിവിഷൻ ഫയർ ആഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒരു ട്രെയിനിംഗ് സ്കൂൾ സ്ഥാപിക്കുന്നതാണ്.

ശ്രീ. കെ. കെ വിശ്വനാഥൻ: ഫോർട്ട് കൊച്ചിൻ ഫയർ സർവ്വീസ് സ്റ്റേഷൻ ആലുവായിലേയ്ക്ക് മാറ്റാൻ പ്രത്യേക കാരണം എന്താണ്?

ശ്രീ. സി. അച്യുതമേനോൻ: മട്ടാഞ്ചേരിയിൽ ഒരു ഫയർ സർവ്വീസ് സ്റ്റേഷൻ ഉണ്ട്. അതു ഫോർട്ടുകൊച്ചിക്കുകൂടി ഉപയോഗപ്പെടും.

ശ്രീ. കെ. കെ. വിശ്വനാഥൻ: മട്ടാഞ്ചേരിയിൽ വളരെയധികം കെട്ടിടങ്ങളും ഉള്ളതുകൊണ്ടും അവിടെ ജനങ്ങൾ തിങ്ങി താമസിക്കുന്നതുകൊണ്ടും അവിടെയുള്ള ഫയർ സർവ്വീസ് സ്റ്റേഷൻകൊണ്ടുമാത്രം ഫോർട്ട് കൊച്ചിയിലെ ആവശ്യം സാധിക്കയില്ലെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. സി. അച്യുതമേനോൻ: കൂടാതെ ഹാർബറിലും ഒരു ഫയർ സർവ്വീസ് സ്റ്റേഷൻ ഉണ്ട്.

ശ്രീ പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: വീട് തീപിടിക്കുമ്പോൾ അടുത്തുള്ള വൃക്ഷങ്ങൾക്ക് തീപിടിക്കുന്നതു വെള്ളമൊഴിക്കുന്നതിനുള്ള ഉപകരണം ഫയർ സർവ്വീസ് വാനിൽ ഇല്ലെന്നറിയാമോ?

ശ്രീ. സി. അച്യുതമേനോൻ: അറിഞ്ഞുകൂടാ.

ശ്രീ. സി. എ. മാത്യു: പല സ്ഥലങ്ങളിലും തീപിടിച്ചു നശിച്ചുകഴിയുമ്പോഴാണ് വാൻ വരുന്നതെന്നു അറിയാമോ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെയാണെങ്കിൽ ഫയർ സർവ്വീസ് സ്റ്റേഷൻതന്നെ വേണ്ടല്ലോ; ദൂരസ്ഥലങ്ങളിലെത്താൻ അല്പം താമസിച്ചു എന്നു വരും.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഫോർട്ട് കൊച്ചിയിലെ ഫയർ സർവ്വീസ് സ്റ്റേഷൻ ആലുവായിലേയ്ക്കു മാറ്റിയതുകൊണ്ട് മട്ടാഞ്ചേരി ഫയർ സർവ്വീസ് സ്റ്റേഷനെ കൂടുതൽ നന്നാക്കാൻ ശ്രമിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: എങ്ങനെയാണ് നന്നാക്കേണ്ടതു എന്നറിയുന്നില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: കൂടുതൽ വണ്ടികളും മറ്റും കൊടുത്തു നന്നാക്കണം.

പഞ്ചായത്തുകൾക്കുള്ള ഗ്രാൻറ്.

* 1639. [9] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാൻറായോ ബ്ലാക്ക് ഗ്രാൻറായോ മറ്റേതെങ്കിലും ഇനത്തിലുള്ള ഗ്രാൻറായോ എന്തെങ്കിലും തുക കൊടുക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര തുക വീതം കൊടുക്കുവാൻ ഉദ്ദേശിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ, ബി) തിരുവിതാംകൂർ–കൊച്ചി പഞ്ചായത്താക്ടിലെ 55–ാംവകുപ്പു പ്രകാരം പഞ്ചായത്തുകൾക്ക് സ്റ്റാറ്റ്യൂട്ടറി ഗ്രാൻറ് കൊടുക്കുവാൻ 9.9 ലക്ഷം രൂപയും, എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് കൊടുക്കാൻ 12.5 ലക്ഷം രൂപയും, റേഡിയോ വാങ്ങുന്നതിന് ഗ്രാൻറ് കൊടുക്കുവാൻ 50,000 രൂപയും, ബ്ലോക്ക് ഗ്രാൻറ് കൊടുക്കുവാൻ 5 ലക്ഷം രൂപയും ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ശ്രീ. എം. സി. ഏബ്രഹാം: ബ്ലോക്ക് ഗ്രാൻറിൽ കൊള്ളിച്ചിട്ടുള്ള തുകയാരോ പഞ്ചായത്തിനാണ് എത്രവീതം കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. പി. കെ. ചാത്തൻ: അതു തീരുമാനിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. ആർ. ജനാർദ്ദനൻ നായർ: പണം താമസിച്ചുകൊടുത്തിട്ട് ആ വർഷത്തിൽത്തന്നെ ചെലവാക്കണമെന്നുള്ള ഏർപ്പാടു മാറി പണം നേരത്തെ കൊടുക്കുമോ?

ശ്രീ. പി. കെ. ചാത്തൻ: ബ്ലോക്ക് ഗ്രാൻറ് ഇന്ന ആവശ്യത്തിനു ചെലവാക്കുമെന്നു കണ്ടു കൊടുക്കാൻ കേന്ദ്രമുള്ളതുകൊണ്ട് ഇക്കൊല്ലം നേരത്തെ കൊടുക്കാൻ ശ്രമിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ്: മലബാർ ഭാഗത്തു ഈ ഗ്രാൻറുകളെല്ലാം കൊടുക്കുന്നുണ്ടോ?

ശ്രീ. പി കെ. ചാത്തൻ: സ്റ്റാറ്റ്യൂട്ടറി ഗ്രാൻറ് ഒഴികെ മറ്റെല്ലാം കൊടുക്കുന്നുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: കേരളത്തിൽ എല്ലായിടത്തും ഈ ഗ്രാൻറ് ഒരേ നിലയിൽ കൊടുക്കാൻ വേണ്ടതു ചെയ്യുമോ?

ശ്രീ. പി. കെ. ചാത്തൻ: പഞ്ചായത്ത് ആക്ടുപ്രകാരം അനുസരിച്ച് തിരുവിതാംകൂർ–കൊച്ചി ഭാഗത്തുള്ള പഞ്ചായത്തുകൾക്ക് അവർ പിരിക്കുന്ന തുകയുടെ തോതനുസരിച്ച് സംഖ്യ കൊടുത്തു വരുന്ന ഏർപ്പാടുണ്ട്. അതു തുടർന്നുവരികയാണ്. ഇതു ഏകീകരിച്ചിട്ടില്ല.

ശ്രീ. എം. സി. ഏബ്രഹാം: സ്പെഷ്യൽ ഗ്രാൻറ് പഞ്ചായത്തുകൾക്ക് കൊടുത്തിരുന്നതു് ഇപ്പോഴും കൊടുക്കാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. പി. കെ. ചാത്തൻ. അതാണ് ബ്ലോക്ക് ഗ്രാൻറ് എന്ന പേരിൽ കൊടുക്കുന്നതു്.

ഭക്ഷ്യധാന്യ ശേഖരണം.

* 1640. [10] ശ്രീ. എ. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്തുനിന്നും ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കാൻ ഉദ്ദേശിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനകം എത്ര ഭക്ഷ്യധാന്യം ശേഖരിച്ചു;

(സി) എത്ര വിലയ്ക്ക്?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്): (എ—സി) കഴിഞ്ഞ മുഴുവൻ ചോദ്യത്തിനുള്ള ഉത്തരം പറഞ്ഞിട്ടുണ്ടല്ലോ.

2/685/S

LIBRARY ARCHIVES Kerala Legislative Assembly